പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ : 1699

16.06.2014 ലെ മറുപടിയ്ക്ക്

**കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ നിയമനങ്ങളിലെ സംവരണം**

| ചോദ്യം | ഉത്തരം |
| --- | --- |
| **ശ്രീ. കെ.വി. അബ്ദുൾ ഖാദർ** | **ശ്രീ. ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി)** |
| (എ) കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിലെയും അതിന് കീഴിലുള്ള വിവിധ സ്ഥാപനങ്ങളിലെയും നിയമനങ്ങൾക്കായുള്ള വിജ്ഞാപനങ്ങൾ പുറപ്പെടുവിക്കുമ്പോൾ പട്ടികജാതി, പട്ടികവർഗ്ഗ മറ്റു പിന്നോക്ക വിഭാഗ സംവരണ തത്വങ്ങളും അനുബന്ധ നിയമങ്ങളും പാലിച്ചുകൊണ്ടുള്ള തസ്തിക തിരിച്ചുള്ള വിശദാംശങ്ങൾ വിജ്ഞാപനത്തിൽ നൽകാറുണ്ടോ; | (എ) കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിലും അനുബന്ധ ഗവേഷണ സ്ഥാപനങ്ങളിലും സയന്റിസ്റ്റ് തസ്തികകളും, ഡയറക്ടർ തസ്തികകളും ഒഴിച്ചുള്ള എല്ലാ ഒഴിവുകളും നികത്തുന്നത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തിരം സംവരണ തത്വങ്ങൾ പാലിച്ചുകൊണ്ടാണ്.<br><br>സയന്റിസ്റ്റുകളുടെ ഒഴിവിലേയ്ക്ക് വിജ്ഞാപനം നടത്തുമ്പോൾ സംവരണ തത്വങ്ങൾ പാലിച്ചുകൊണ്ടാണ് നിയമനം നടത്തുക എന്ന് പ്രത്യേകം രേഖപ്പെടുത്താറുണ്ട്. എന്നാൽ തസ്തിക തിരിച്ചുള്ള സംവരണ വിശദാംശങ്ങൾ നൽകാറില്ല. |
| (ബി) ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ; | (ബി) ഓരോ കാറ്റഗറിയിലും ഓരോ ഒഴിവുകൾ വീതം മാത്രമുള്ളതിനാൽ സമാന തസ്തികകൾ ഒന്നായി കണക്കാക്കി മാത്രമേ സംവരണം നൽകാൻ കഴിയൂ എന്നതിനാൽ ഓരോ കാറ്റഗറിക്കും പ്രത്യേകം സംവരണം ഏർപ്പെടുത്തുവാൻ കഴിയുകയില്ല. |
| (സി) പ്രസ്തുത സ്ഥാപനങ്ങളിൽ നിയമനങ്ങൾ നടത്തുമ്പോൾ പ്രസ്തുത വിഭാഗങ്ങളുടെ സംവരണ തസ്തിക, റിസർവേഷൻ രജിസ്റ്റർ, റൊട്ടേഷൻ രജിസ്റ്റർ എന്നിവ സൂക്ഷിക്കുകയും അതു പിന്തുടരുകയും ചെയ്യാറുണ്ടോ? | (സി) നിലവിൽ സൂക്ഷിച്ചിട്ടില്ല. ഇതിനാവശ്യമായ രജിസ്റ്ററുകൾ ഭാവിയിൽ സൂക്ഷിക്കുന്നതായിരിക്കും. |

സെക്ഷൻ ഓഫീസർ